## പതിനാലാം കേരള നിയമസഭ

## 16-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ .4937 — 14.11.2019-ൽ മറുപടിക്ക്

### പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ റിവർ മാനേജ്മെന്റ് പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ അടിയന്തരമായി പൂർത്തിയാക്കേണ്ട റിവർ മാനേജ്മെന്റ് പ്രവൃത്തികൾ ഏതൊക്കെയാണ്; ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ട്; ഏതെല്ലാം പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടില്ല; വിശദാംശം ലഭ്യമാക്കുമോ; | (എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ അടിയന്തരമായി പൂർത്തിയാക്കേണ്ട നദീസംരക്ഷണ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br><br>1) കുന്തിപ്പുഴയുടെ വലതുകര സംരക്ഷണം നടുക്കാവ് പാലത്തിന് മുകൾ ഭാഗം (പുലാമന്തോൾ ഗ്രാമപഞ്ചായത്ത്)<br><br>2) പുലാമന്തോൾ ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡിൽ വളപുരം ഭാഗത്ത് കുന്തിപ്പുഴയുടെ വലതുകര സംരക്ഷണം<br><br>3) പുലാമന്തോൾ ഗ്രാമപഞ്ചായത്തിലെ ധന്വന്തരി ക്ഷേത്രത്തിനു സമീപം കുന്തിപ്പുഴയുടെ വലതുകര സംരക്ഷണം<br><br>4) പുലാമന്തോൾ ഗ്രാമപഞ്ചായത്തിലെ ഇട്ടക്കടവ് പാലത്തിനും കട്ടുപ്പാറ ചെക്ക് ഡാമിനും ഇടയിൽ കുന്തിപ്പുഴയുടെ ഇടതുകര സംരക്ഷണം<br><br>ഈ നാലു പ്രവൃത്തികൾക്കും തുക അനുവദിച്ചിട്ടില്ല. മുകളിൽ പ്രസ്താവിച്ച ആദ്യ രണ്ട് പ്രവൃത്തികൾക്കും ജില്ലാ വിദഗ്ധ സമിതിയുടെ പരിശോധന 30.10.2019 തീയതിയിൽ നടന്നിട്ടുണ്ട്. |
| (ബി) മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നുള്ള പ്രവൃത്തികൾക്കുള്ള നീക്കിയിരിപ്പ് തുക എത്രയാണ്; ഈ ഫണ്ടിൽ നിന്ന് തുകയെന്തെങ്കിലും മറ്റ് ജില്ലകളിലെ പ്രവൃത്തികൾ നടപ്പിലാക്കാൻ മാറ്റി നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ഏറ്റവും ഒടുവിൽ | (ബി) മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിലെ നീക്കിയിരിപ്പ് തുക Rs.1,52,84,643/-രൂപയാണ്. പത്തനംതിട്ട ജില്ലാ കളക്ടർ നടപടിക്രമം പുറപ്പെടുവിക്കുന്നതിന്റെ അടിസ്ഥാനത്തിൽ 39,60,934/- രൂപ പത്തനംതിട്ടയിൽ നദീതീര സംരക്ഷണ പ്രവൃത്തികൾക്ക് ഏറ്റെടുത്ത കരാറുകാർക്ക് നൽകുവാനായി ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. ഇതിൽ 21,39,605/- രൂപ കരാറുകാർക്ക് |

ഇത്തരത്തിൽ മാറ്റി നൽകിയതെന്ന് അറിയിക്കാമോ;

അനുവദിക്കാനായി പത്തനംതിട്ട ജില്ലാ കളക്ടർ ഉത്തരവിറക്കുകയും ആയതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുള്ളതും ആണ്. എന്നാൽ ട്രഷറി നിയന്ത്രണം കാരണം ടി ഫണ്ട് ഇതുവരെ കൈമാറിയിട്ടില്ല.

(സി) റിവർ മാനേജ്മെന്റ് ഫണ്ട് വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്കുള്ള ചട്ടം പുതുക്കിയത് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതു പ്രകാരമാണോ നിലവിൽ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നത്;

(സി) 2002-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും പ്രകാരം പുറപ്പെടുവിച്ച ചട്ടം പ്രകാരമുള്ള നടപടികളാണ് നിലവിൽ സ്വീകരിച്ചു വരുന്നത്. എന്നാൽ പ്രസ്തുത ചട്ടത്തിലെ 22-ാം ചട്ടത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് ഭേദഗതി ചട്ടം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ഡി) പുതുക്കിയ ചട്ടങ്ങൾ അനുസരിച്ച് ഒരു ജില്ലയിലെ ഫണ്ട് മറ്റ് ജില്ലകൾക്ക് മാറ്റി നൽകാൻ വ്യവസ്ഥ യുണ്ടോയെന്ന് അറിയിക്കാമോ?

(ഡി) കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടത്തിലെ സെക്ഷൻ 22 എ പ്രകാരം ഒരു കോടിയോ അതിൽ കൂടുതലോ നീക്കിയിരിപ്പുള്ള ഏതൊരു ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും അങ്ങനെയുള്ള തുകയുടെ അൻപത് ശതമാനത്തിൽ കവിയാത്ത ഒരു തുക ആ ജില്ലയ്ക്ക് ഉടൻ ആവശ്യമില്ലാത്ത പക്ഷം സർക്കാരിന് പ്രത്യേക ഉത്തരവ് വഴി, വരുമാനം കുറഞ്ഞ മറ്റ് ജില്ലകളിലെ റിവർ മാനേജ്മെന്റ് ഫണ്ടുകളിലേക്ക് നദീതീര വികസന പദ്ധതികൾ പൂർത്തീകരിക്കുന്നതിലേക്കോ ഈ ചട്ടങ്ങളിൽ പരാമർശിക്കുന്ന മറ്റെന്തെങ്കിലും ചെലവുകൾ അടിയന്തിരമായി വിനിയോഗിക്കുന്നതിലേക്കോ വേണ്ടി കൈമാറാവുന്നതാണ്. പുതുക്കി പ്രസിദ്ധീകരിക്കുന്ന ചട്ടങ്ങൾ പ്രകാരം 'ഒരു ജില്ലയിലെ ഫണ്ടിലെ നീക്കിയിരുപ്പ്, പ്രസ്തുത ജില്ലയിലെ ആവശ്യം നിറവേറ്റുന്നതിലധികമായിരിക്കുന്ന സംഗതിയിൽ, അപ്രകാരമുള്ള നീക്കിയിരുപ്പ് തുകയുടെ ഇരുപത്തിയഞ്ച് ശതമാനത്തിൽ കവിയാത്ത തുക, പ്രസ്തുത ജില്ലയ്ക്ക് ഉടൻ ആവശ്യമില്ലാത്ത പക്ഷം, സർക്കാരിന് ഒരു പ്രത്യേക ഉത്തരവ് വഴി, വരുമാനം കുറവുള്ള ജില്ലകളിലെ ഫണ്ടിലേക്ക് പ്രസ്തുത ജില്ലകളിലെ നദീതീര സംരക്ഷണ പദ്ധതികൾ നടപ്പാക്കുന്നതിലേക്കായി അനുവദിക്കാവുന്നതാണ്.'

**സെക്ഷൻ ഓഫീസർ**